# 32. മത-ജാതി-വർഗ-നിരപേക്ഷത

മതനിരപേക്ഷം (സെക്യുലർ) ആയ പാർലമെണ്ടറി ജനാധിപത്യം ഇന്ത്യയിൽ സ്ഥാപിക്കാനും സംരക്ഷിക്കാനും പുഷ്ടിപ്പെടുത്താനും ഉദ്ദേശിച്ചിട്ടുള്ളതാണു നമ്മുടെ ഭരണഘടന. 'മതനിരപേക്ഷം' എന്നു പറയുന്നതിന് അർത്ഥം 'ജാതിനിരപേക്ഷം' എന്നും 'വർഗനിരപേക്ഷം' എന്നുംകൂടിയാണ്.

പ്രായപൂർത്തി നേടിയ ഓരോ പൗരനും (പൗരിക്കും) ഓരോ വോട്ട്. ഭൂരിപക്ഷം വോട്ടുകൾ ലഭിക്കുന്നവർ നിയമസഭാംഗങ്ങൾ. നിയമസഭാംഗങ്ങൾ മന്ത്രിമാരെ തെരഞ്ഞെടുക്കുകയും നിയമങ്ങൾ നിർമിക്കുകയുംചെയ്യുന്നു. ഈ നിയമങ്ങൾക്കു വിധേയമായി മന്ത്രിമാർ ഭരണം നടത്തുന്നു. ഭരണത്തിലുണ്ടാകുന്ന വൈകല്യങ്ങളെ നിയമസഭയും നീതിന്യായക്കോടതികളും അപ്പോഴപ്പോൾ തിരുത്തുന്നു. ഇതാണു ചുരുക്കത്തിൽ, പാർലമെണ്ടറി ജനാധിപത്യം.

പാർലമെണ്ടറി ജനാധിപത്യത്തിൽ വ്യക്തികളുടെ മതത്തിനോ ജാതിക്കോ, വർഗത്തിനോ പ്രസക്തിയില്ല. വർഗമോ, ജാതിയോ, മതമോ ഏതായിരുന്നാലും, പ്രായപൂർത്തി നേടിയ എല്ലാ പൗരന്മാർക്കും വോട്ടവകാശവും നിയമത്തിന്റെ മുമ്പിൽ സമത്വവുമുണ്ട്. പാർലമെണ്ടറി ജനാധിപത്യം പൂർണമാകണമെങ്കിൽ അതു് മത—ജാതി—വർഗ—നിരപേക്ഷം കൂടി ആയേ മതിയാവൂ. സമത്വം സെക്യുലറിസത്തിൽ മാത്രമേ ഉള്ളൂ.

പക്ഷേ, ഇന്ത്യയിൽ രൂപംകൊണ്ട ജനാധിപത്യവ്യവസ്ഥിതിയിൽ മത—ജാതി—വർഗ—നിരപേക്ഷതയെന്ന ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെട്ടില്ല. സംഭവിച്ചതു നേരെ മറിച്ചാണ്.

പാർലമെണ്ടറി ജനാധിപത്യത്തിൽ, നിയമസഭാംഗങ്ങൾ അധികാരം കൈയാളുന്നു. അവർക്കു നിഗ്രഹാനുഗ്രഹശക്തിയുണ്ട്; പേരും പണവും നേടാൻ സൗകര്യമുണ്ട്. മന്ത്രിമാർക്കാണെങ്കിൽ നിയമവിധേയമായും, നിയമം ലംഘിച്ചും, നിയമസഭയുടെയും നീതിന്യായക്കോടതിയുടെയും നിയന്ത്രണങ്ങളെ മറികടന്നും, പലതും പ്രവർത്തിക്കാം—കൊല്ലും കൊലയും അടക്കം. പ്രവർത്തിച്ചതു പലതും അവർക്കു ഫലപ്രദമായി മൂടിവക്കുകയും ആവാം.

കൂടുതൽ വോട്ടുകൾ കിട്ടുന്നവർ നിയമസഭാംഗങ്ങൾ ആകുന്നു. കൂടുതൽ നിയമസഭാംഗങ്ങളെ സ്വാധീനിക്കുന്നവർ മന്ത്രിമാരായിത്തീരുന്നു.

ജനാധിപത്യവ്യവസ്ഥിതിയിലെ സായൂജ്യമത്രേ മന്ത്രിപദവി. അത്രത്തോളം ആർക്കും ചെല്ലാം; അതിനപ്പുറം പോകാൻ ഒരു ഇടം ഇല്ല.

മന്ത്രിയാകാൻ ഒരാൾ, വോട്ടു നേടി നിയമസഭാംഗമായാൽ മാത്രം പോരാ, അയാൾക്കു നിയമസഭയിൽ ഭൂരിപക്ഷത്തിന്റെ പിന്തുണ വേണം. അതായതു് വോട്ടു നേടി നിയമസഭാംഗങ്ങളായ കിങ്കരൻമാരുടെ ഒരു സംഘം അയാളുടെ പിന്നിൽ ഉണ്ടാകണം. ചുരുക്കത്തിൽ അയാൾ ഒരു 'നേതാവ്' ആയിരിക്കണം.

നേതാവിനെയും നേതാവിന്റെ പാർശ്വവർത്തികളെയും നിയമസഭാംഗങ്ങളാക്കുന്നതിനു് ആധുനിക ജനാധിപത്യ രാഷ്ട്രങ്ങൾ നിർമിച്ച സംവിധാനമാണു് 'പാർട്ടി'. ഭരണഘടന 'പാർട്ടി'യെപ്പററി പറയുന്നില്ല. എന്നിട്ടും പാർലമെണ്ടറി ജനാധിപത്യത്തിൽ സർവപ്രധാനമായ ഘടകമത്രേ 'പാർട്ടി'.

ജനങ്ങളുടെ ഒരു കൂട്ടായ്മയാണു് 'പാർട്ടി'. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം, മർദിതജനതയുടെ വിമോചനം, പ്രബല ശത്രുവിനെതിരെയുള്ള ചെറുത്തുനിൽപ്പു്, സമ്പദ്‌വ്യവസ്ഥിതിയുടെ പുനസ്സംവിധാനം—അങ്ങനെ പല ലക്ഷ്യങ്ങളും മുൻനിർത്തി പാർട്ടികൾ രൂപവൽക്കരിക്കാം, രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ടു്.

അസംഘടിത ജനങ്ങളെ ഭീഷണിപ്പെടുത്താനും, കൊള്ളയടിക്കാനും തങ്ങൾക്കും തങ്ങളുടെ ആശ്രിതർക്കും അന്യായമായ ആനുകൂല്യങ്ങൾ നേടിയെടുക്കാനും വേണ്ടിയും പാർട്ടികൾ രൂപവൽക്കരിക്കാം; രൂപവല്കരിക്കപ്പെട്ടിട്ടുണ്ടു്.

അമേരിക്കയിൽ ഒരുകാലത്തു് തെരഞ്ഞെടുപ്പുകളിൽ നിർണായകശക്തിയായിരുന്നതു് 'ടമ്മനിഹാൾ' എന്ന റൗഡിസംഘം ആയിരുന്നു. രണ്ടാമതു പറഞ്ഞതു് ആയിരുന്നു അവരുടെ ലക്ഷ്യം.

ഈ രണ്ടു് അററങ്ങൾക്കിടയിൽ, ഉത്തമവും അധമവുമായ പല ലക്ഷ്യങ്ങൾ മുൻനിർത്തി പാർട്ടികൾ സംഘടിപ്പിക്കപ്പെടാം; സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്. ഏതു പാർട്ടിയുടെയും പ്രാഥമിക പരിപാടി തെരഞ്ഞെടുപ്പിൽ വോട്ടു നേടുക എന്നതാണു്. വോട്ടു നേടുന്നതു് ജനങ്ങളെ ബോധവൽക്കരിച്ചു് തങ്ങളുടെ ആദർശങ്ങൾക്കു പിന്നിൽ അവരെ അണിനിരത്തിയാവാം; മതവും ജാതിയും പ്രാദേശികതയും പറഞ്ഞു് അവരെ ക്ഷോഭിപ്പിച്ചിട്ടാവാം; പണം കൊടുത്തു പ്രലോഭിപ്പിച്ചിട്ടാവാം; ഭീഷണിപ്പെടുത്തിയാവാം; കള്ളവോട്ടു ചെയ്തും ചെയ്യിപ്പിച്ചുമാവാം. ഏതു വിധത്തിലും പാർട്ടികൾ ഭൂരിപക്ഷം വോട്ടുകൾ നേടിയേ തീരൂ.

ഇന്ത്യയിൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ, പാർട്ടികൾക്കു് എങ്ങനെ വോട്ടുകൾ നേടാൻ കഴിയും?

സ്വാതന്ത്ര്യസമരത്തിൽ നേതൃത്വം വഹിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയെ നവീകരിക്കുക എന്ന ഉന്നതമായ ആദർശം ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയും, ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചു് അവരെ ബോധവൽക്കരിക്കുകയും, തങ്ങൾ സമർപ്പിച്ച ആദർശത്തിന്റെ പേരിൽ കുറേക്കാലം വോട്ടുകൾ വാരിക്കൂട്ടുകയുംചെയ്തു. സത്യാഗ്രഹമെന്ന സമരമുറ അനിവാര്യമാക്കിത്തീർക്കുന്ന സ്വയം നിയന്ത്രണങ്ങളുടെ ഫലമായി, നിസ്വാർത്ഥമതികളെന്നും സച്ചരിതരെന്നും പ്രശസ്തി നേടിയ ഒരു കൂട്ടം നേതാക്കൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ഉണ്ടായിരുന്നു. സംഘടന സമർപ്പിച്ച പൊതുവായ ആദർശത്തിനു പുറമേ, തങ്ങളുടെ വ്യക്തിപരമായ പ്രശസ്തികൂടി ഉപയോഗപ്പെടുത്തി ഇവർ വോട്ടു തേടുകയും നേടുകയും വളരെക്കാലം സ്വന്തം കൈകളിൽ അധികാരം നിലനിർത്തുകയും ചെയ്തു.

ആ ആദർശത്തിനു ക്രമേണ നിറം മങ്ങിവന്നു; ആ തലമുറ ഏതാണ്ടു് ഏറെക്കുറെ മുഴുവനായി രംഗത്തുനിന്നു് അപ്രത്യക്ഷമാവുകയുംചെയ്തു.

ഭൂരിപക്ഷക്കാരായ മതക്കാരുടെയും ജാതിക്കാരുടെയും വർഗക്കാരുടെയും മേധാവിത്തത്തിൽനിന്നു ന്യൂനപക്ഷ മത—ജാതി—വർഗക്കാർക്കു സംരക്ഷണം നൽകാമെന്ന വാഗ്ദാനമാണു വോട്ടു നേടുന്നതിനു മററു ചിലർ ഉപയോഗപ്പെടുത്തിയതു്. മുസ്ലിം ലീഗ്, എൻ. ഡി. പി., എസ്. ആർ. പി. മുതലായ പാർട്ടികൾ കേരളത്തിലും തി. മു. ക.,

അ. തി. മു. ക. മുതലായ പാർട്ടികൾ തമിഴ്നാട്ടിലും മററും ചെയ്തു വന്നതും ചെയ്തുവരുന്നതും ഇതാണ്.

ഈ വാഗ്ദാനത്തിലും അർത്ഥമൊന്നുമില്ലെന്ന് അധികം താമസി യാതെ വ്യക്തമായി. നേതാക്കന്മാരുടെയും അവരുടെ ആശ്രിത രുടെയും താല്പര്യങ്ങളല്ലാതെ താഴേക്കിടയിലുള്ള സാധാരണക്കാരുടെ ന്യായമായ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഈ പാർട്ടികൾ ഉദ്ദേശി ച്ചിരുന്നില്ല; ഉദ്ദേശിച്ചാൽത്തന്നെ അവർക്ക് ഇന്നത്തെ സംവിധാനത്തി നകത്ത് അതു സാദ്ധ്യമല്ല.

മുതലാളിത്തമെന്ന ചൂഷണവ്യവസ്ഥിതി എന്നേക്കുമായി അവസാ നിപ്പിച്ച്, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ കൈയിൽ രാഷ്ട്രീയാധി കാരം ഏല്പിച്ചുകൊടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇന്ത്യയിൽ കമ്യൂ ണിസ്റ്റ് പാർട്ടി വോട്ടു നേടിയത്. ആ പാർട്ടിയുടെ തകർച്ചയിൽനിന്ന് രൂപംകൊണ്ട പല പാർട്ടികൾ ഇപ്പോഴും ഒരു ചടങ്ങുപോലെ ഉരുവിടുന്ന തും ഏറെക്കുറെ ഇതേ ലക്ഷ്യംതന്നെ.

പക്ഷേ, ഈ ലക്ഷ്യവും ആധുനിക സന്ദർഭത്തിൽ അപ്രസക്തമാ ണെന്നു പ്രത്യക്ഷമാകാൻ വളരെ താമസമുണ്ടായില്ല. മൂന്നു സ്റ്റേററുകളിലെ നിയമസഭകളിൽ ഭൂരിപക്ഷത്തിന്റെ പിൻതുണ നേടിയിട്ടും കമ്യൂണി സ്റ്റ് പാർട്ടികൾക്ക മററു ബൂർഷ്വാ വർഗീയ—പാർട്ടികളുടെ അതേ പാത, പലപ്പോഴും അത്രപോലും കാര്യക്ഷമതയില്ലാതെ, പിൻതുടരാനല്ലാതെ, തങ്ങളുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലേക്ക് ഒരടിപോലും മുന്നേറാൻ സാധിച്ചില്ല. മുന്നേറണമെന്ന് ഈ പാർട്ടികളുടെ നേതാക്കൾ ഒരുപക്ഷേ, ആഗ്രഹിച്ചിരിക്കുകയും ഇല്ല.

അങ്ങനെ, ഇന്ത്യൻ പാർലമെണ്ടറി ജനാധിപത്യത്തിൽ പാർട്ടി കളുടെ തെരഞ്ഞെടുപ്പുലക്ഷ്യപ്രഖ്യാപനങ്ങൾ (മാനിഫെസ്റ്റോകൾ) അപ്ര സക്തങ്ങളായിത്തീർന്നു. തെരഞ്ഞെടുപ്പുകാലത്ത് ഏതു ലക്ഷ്യങ്ങൾ, പ്രഖ്യാപിച്ചാലും പിന്നീട് നിലവിൽ വരുന്ന മന്ത്രിസഭകൾക്ക് ആ ലക്ഷ്യങ്ങൾ ബാധകങ്ങളല്ലെന്നുവന്നു. 'നിശ്ചിതകാലത്തോളം അധി കാരത്തിൽ തുടരുക'യാണ തങ്ങളുടെ ലക്ഷ്യമെന്നു ഭരണകക്ഷികളുടെ തല വന്മാർ നിർലജ്ജതയോടെ പ്രഖ്യാപിച്ചുതുടങ്ങി. അതൊരു ഫാഷൻ പോലുമായി.

ഇപ്പോൾ തെരഞ്ഞെടുപ്പുമാനിഫെസ്റ്റോയെപ്പററി ആരും സംസാ രിച്ചു കേൾക്കാറില്ല.

രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം, ജനതയുടെ വിമോചനം, പൊതു ശത്രു വിനെതിരേ ആഭ്യന്തരൈക്യം, സമ്പദ്സ്ഥിതിയുടെ പുനസ്സംവിധാനം മുതലായ ലക്ഷ്യങ്ങൾ പാർട്ടികൾക്ക് ഇല്ലാതായി. അവ വിദൂരലക്ഷ്യ ങ്ങൾപോലും അല്ലാതായി.

അസംഘടിത ജനങ്ങളെ കൊള്ളയടിക്കൽ, തങ്ങൾക്കും തങ്ങളുടെ ആശ്രിതർക്കും അന്യായമായ ആനുകൂല്യങ്ങൾ നേടിയെടുക്കൽ എന്നിവ യായി പാർട്ടികളുടെ, എല്ലാ പാർട്ടികളുടെയും, ലക്ഷ്യങ്ങൾ. പക്ഷേ, ഈ യഥാർത്ഥ ലക്ഷ്യങ്ങൾ പുറമേ പറയാൻ കൊള്ളുന്നവയല്ലല്ലോ. അവയു ടെ പേരിൽ വോട്ടു ചോദിക്കാനും പററില്ല. അതിനാൽ പാർട്ടികൾ മതത്തിന്റെയും വർഗത്തിന്റെയും ജാതിയുടെയും പേരിൽ വോട്ടു തേടു കയും നേടുകയും ചെയ്തുതുടങ്ങി.

മതം, ജാതി, വർഗം എന്നിവയുടെ പേരിൽ വോട്ടു തേടുന്നതു് ഇന്ത്യയിൽ ഫലപ്രദമാണെന്നു തെളിയാൻ ഏറെ താമസമുണ്ടായില്ല. കാരണം, ജനചേതനയിൽ മത—ജാതി—വർഗബോധം ആഴത്തിൽ വേരു പിടിക്കാൻ കാരണമായിട്ടുണ്ട് ഇന്ത്യയുടെ ദീർഘകാല ചരിത്രം.

സംസ്കാരത്തിനെന്നപോലെ സമാധാനത്തിനും സമൃദ്ധിക്കും കേൾ

വിപ്പെട്ടതാണ പ്രാചീനഭാരതം. ഈ പ്രശസ്തി, വിജ്ഞാനാർത്ഥികളുടെയെന്നപോലെ വെറും കൊള്ളക്കാരുടെയും പ്രവാഹങ്ങൾ ഇന്ത്യയിലേക്ക് അനാദികാലം മുതൽ ഉണ്ടാകുന്നതിന കാരണമായി.

തങ്ങൾ കീഴടക്കിയ ജനസമൂഹങ്ങളെ കൊന്നൊടുക്കുകയോ, അടിമകളാക്കുകയോ ആയിരുന്നു മററു പ്രാചീന രാഷ്ട്രങ്ങളുടെ നീതി. ഇന്ത്യയുടെ നീതി വ്യത്യസ്തമായിരുന്നു. ഓരോ വ്യക്തിക്കും തനതായ 'സ്വധർമം' ഉണ്ടെന്നും, ഈ സ്വധർമം നിറവേററുന്നതിലൂടെ ഓരോ വ്യക്തിക്കും ജീവിതലക്ഷ്യം നേടാമെന്നുമുള്ളതാണ് ഹൈന്ദവദർശനത്തിലെ ഒരു സനാതന തത്ത്വം. ഇതനുസരിച്ച്, ഇന്ത്യയ്ക്കകത്തുള്ള വ്യത്യസ്ത ആദിവാസി ജനവർഗങ്ങൾക്കും, ഇന്ത്യയിലേക്ക പല കാലങ്ങളിലായി വന്നെത്തിയ വിദേശീയ ജനതകൾക്കും അവരുടെ ഭാഷയും മതാചാരങ്ങളും സാമൂഹ്യനിയമങ്ങളും നിലനിർത്തി, വ്യതിരിക്ത വിഭാഗങ്ങളായി ഇന്ത്യയിൽ പുലരാൻ അവകാശം എന്നുമുണ്ടായിരുന്നു.

ഇന്ത്യയിലെ അസംഖ്യം ജാതികളുടെ ഉത്ഭവം ഇങ്ങനെയാണ്. ഇവരിൽ പലരും ഭൂരിപക്ഷത്തിന്റെ ആചാര—അനുഷ്ഠാന വിശ്വാസങ്ങൾ പിൽക്കാലത്ത് പൂർണമായോ, ഭാഗികമായോ സ്വീകരിച്ചുവെന്നതു ശരിതന്നെ. പക്ഷേ, ഇതു തികച്ചും സ്വേച്ഛാപൂർവമായ ഒരു പ്രവൃത്തിയായിരുന്നു. നിർബന്ധിച്ചുള്ള പരിവർത്തനത്തെ ഇന്ത്യ ഒരിക്കലും അനുകൂലിച്ചിട്ടില്ല. ഇന്ത്യയുടെ തനതെന്നു പറയാവുന്ന ഹിന്ദുമതത്തിലോ, ബുദ്ധമതത്തിലോ, ജൈനമതത്തിലോ മതപരിവർത്തനത്തിനുള്ള ചടങ്ങുകൾ ഇല്ല.

ഇന്ത്യയിലെ എണ്ണമററ ജാതികൾക്കിടയിൽ ഒരുതരം സ്വയംഭരണം ഏതു കാലത്തും നിലനിന്നിരുന്നു. മതാചാരങ്ങളും സാമൂഹ്യാനുഷ്ഠാനങ്ങളും മാത്രമല്ല, നാഗരിക ബാദ്ധ്യതകൾവരെ ഈ ജാതിപ്പഞ്ചായത്തുകൾ നിറവേററിവന്നു. രാജാക്കന്മാർ ഭരിച്ചിരുന്നതു നേരിട്ടല്ലാതെ പഞ്ചായത്തുകളിലെ മുഖ്യന്മാർ(മുഖിയാ)വഴിക്കാണ്. ഓരോ മതവിഭാഗവും ഓരോ ജാതിയും ഓരോ ജനവർഗവും മാത്രമല്ല, ഇവ ഓരോന്നിന്റെയും അകത്തുള്ള സംഖ്യയററ ഉപവിഭാഗങ്ങൾകൂടിയും, ഇത്തരമൊരു 'കാരണവ' ഭരണവ്യവസ്ഥയ്ക്കു കീഴിലാണ് ആയിരത്താണ്ടുകളായി പുലർന്നു വന്നതു്.

ഇന്ത്യയുടെ ദീർഘമായ ചരിത്രത്തിൽ ഒരു ജനവർഗവും മതവിഭാഗവും ഒരിക്കലും ഉന്മൂലനംചെയ്യപ്പെട്ടിട്ടില്ല. ഇതിനർത്ഥം ഇന്ത്യയിൽ മതകലഹങ്ങൾ ഉണ്ടായിരുന്നില്ലെന്നല്ല.

ഹിന്ദുമതത്തിനുള്ളിലാണ് ബുദ്ധമതം ജനിച്ചുവളർന്നതു്. ബൗദ്ധസന്ന്യാസികളോടൊപ്പം ബ്രാഹ്മണരെ അശോകൻ ആദരിച്ചു. എങ്കിലും, പിൽക്കാലത്തു ഹിന്ദുക്കളും ബൗദ്ധരും തമ്മിൽ കടുത്ത സംഘട്ടനങ്ങൾ നടക്കുകയുണ്ടായെന്ന് കാശ്മീരിന്റെ ചരിത്രമായ 'രാജതരംഗിണി' പ്രസ്താവിക്കുന്നു.

തെക്കെ ഇന്ത്യയിൽ ശൈവരും ജൈനരും തമ്മിൽ നടന്ന സംഘട്ടനങ്ങൾ തമിഴ് സാഹിത്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രി. പി. ഏഴാം നൂററാണ്ടിനു ശേഷം, ഇസ്ലാംമതം സ്വീകരിച്ച വിദേശീയ വിജിഗീഷുക്കളുടെ പ്രവാഹം ഇന്ത്യയിലേക്ക് ആരംഭിച്ചു. പിന്നീട് ഏതാണ്ട് ആയിരം വർഷങ്ങളോളം ഇസ്ലാമുമായി പൊരുതിയും, സഹകരിച്ചും, കൊണ്ടും കൊടുത്തും ആണ് ഹിന്ദുമതം ഇന്ത്യയിൽ നിലനിന്നതു്.

യഹൂദമതവും പാഴ്സിമതവുംപോലെ ക്രിസ്തുമതവും സമാധാനപരമായ വാണിജ്യ ബന്ധങ്ങളിലൂടെയാണ് ഇന്ത്യയിലെത്തിയതും വ്യാപിച്ചതും. എന്നാൽ, പോർട്ടുഗീസുകാരുടെ കാലം മുതൽക്കങ്ങോട്ട് ക്രിസ്തു

മതം ഇന്ത്യയിലെ ഭരണാധികാരിവർഗത്തിന്റെ മതമായി അങ്ങനെ മുൻപന്തിയിലെത്തി.

ഇന്ത്യാചരിത്രത്തിലെ ഹൈന്ദവയുഗം, ഇസ്ലാമികയുഗം, ക്രൈസ്തവയുഗമെന്നു ചില ചരിത്രകാരന്മാർ വിഭജിച്ചിട്ടുണ്ട്.

ഭിന്നിപ്പിച്ചു ഭരിക്കുക എന്നതു രാജ്യതന്ത്രത്തിന്റെ അടിസ്ഥാനതത്ത്വമാണ്. പഞ്ചതന്ത്രത്തിലെ അഞ്ചു തന്ത്രങ്ങളിൽ ആദ്യത്തേതത്രേ 'മിത്രഭേദം' (സുഹൃത്തുക്കളെ ഭിന്നിപ്പിക്കൽ).

ഇംഗ്ലീഷുകാർ ഇന്ത്യയിൽ അധികാരം സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന തന്ത്രം ഫലപ്രദമായി ഉപയോഗപ്പെടുത്തി. യൂറോപ്പിൽ വ്യത്യസ്ത മതക്കാരും ജനവിഭാഗങ്ങളും അവരുടെ ഭിന്നതകൾ മറന്ന് ഒന്നിച്ചുചേർന്ന് 'നേഷൻ സ്റ്റേറ്റു'കൾ രൂപവൽക്കരിച്ചിരുന്ന കാലത്ത്, ഇന്ത്യയെ വർഗ—ജാതി—മത ഭേദത്തിന്റെ പേരിൽ പരമാവധി വിഭജിക്കുന്നതിന് ഇംഗ്ലീഷുകാർക്കു കഴിഞ്ഞു. വർഗ—ജാതി—മത അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട ജനതയിൽ നിന്നും വിട്ടും ഉയർന്നും നിന്ന് എല്ലാവർക്കും തുല്യമായ നീതി നൽകുകയെന്ന അവരുടെ പദ്ധതി തികഞ്ഞ വിജയമായിരുന്നു.

അവർ വിട്ടുപോയപ്പോൾ മതത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ രണ്ടായി. ഈ വിഭജനം ചരിത്രത്തിൽ ഇദംപ്രഥമമാണ്. മുമ്പൊക്കെ ഇന്ത്യയിൽ ഒന്നിലേറെ പരമാധികാര ഭരണകൂടങ്ങൾ നിലനിന്നിരുന്നപ്പോഴും ഹിമവത്സേതുപര്യന്തമുള്ള ഭാരതവർഷം സാംസ്കാരികമായി ഒന്നായിരുന്നു. ഇന്ത്യാവിഭജനത്തോടെ ഈ അഖണ്ഡ ഭാരതവർഷസങ്കല്പം എന്നന്നേക്കുമായി നഷ്ടപ്പെട്ടു.

അവശിഷ്ട ഭാരതത്തിൽ മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിൽ വ്യത്യസ്ത നിയോജകമണ്ഡലങ്ങൾ ഉണ്ടാകാതെ തടുത്തത് മഹാത്മാഗാന്ധിയുടെ കഠിന തപസ്യയാണെന്ന് ഇന്ന് എത്രപേർ ഓർക്കുന്നു, ആവോ?

മത—ജാതി—വർഗഅടിസ്ഥാനത്തിൽ വ്യത്യസ്ത നിയോജകമണ്ഡലങ്ങൾ ഉണ്ടായില്ലെങ്കിലും, നിയോജകമണ്ഡലങ്ങളിലെ വോട്ടർമാരുടെ ഗ്രൂപ്പുകളെ ജാതി—മത—വർഗഅടിസ്ഥാനത്തിൽ സമീപിക്കുക ഇന്ത്യയിൽ എളുപ്പമായിരുന്നു. അതേ എളുപ്പമായിരുന്നുള്ളൂ.

ഇന്ത്യൻ വോട്ടർമാരിൽ ഭൂരിപക്ഷവും നിരക്ഷരരാണ്. അവരെ ദേശീയ പ്രശ്നങ്ങളുടെ പേരിൽ ആവേശഭരിതരാക്കുക പ്രയാസം.

വർഗത്തിന്റെയും ജാതിയുടെയും മതത്തിന്റെയും പേരിൽ അവരെ സമീപിക്കുക എളുപ്പമാണ്. ജാതിപ്പഞ്ചായത്തുകളും മതസംഘടനകളും നാട്ടിൽ ഉടനീളം ഉണ്ട്. അവയുടെ വേരുകൾ ഓരോ വ്യക്തിയിലുംവരെ ചെന്നെത്തിയിരിക്കുന്നു. ഈ വേരുകൾ ചലിപ്പിക്കാൻ ജാതിപ്പഞ്ചായത്തുകളുടെ 'മുഖ്യന്മാ'രെയും മതസംഘടനകളിലെ പ്രമാണിമാരെയും പിടിച്ചാൽ മതി.

കോൺഗ്രസ്സിലേക്ക് മുസ്ലിം ബഹുജനങ്ങളെ ആകർഷിക്കാൻ ഖിലാഫത്ത്പ്രശ്നം മഹാത്മാഗാന്ധി ഉപയോഗപ്പെടുത്തി. എന്തുകൊണ്ടു ജാതി—മതപ്രശ്നങ്ങൾ ഉപയോഗപ്പെടുത്തി വോട്ടു വാങ്ങിക്കൂടാ എന്ന് മഹാത്മാഗാന്ധിയുടെ അനുചരന്മാർ ചിന്തിച്ചുപോയെങ്കിൽ, അതിലെന്തത്ഭുതം?

പക്ഷേ, ജാതികളുടെയും മതങ്ങളുടെയും പ്രശ്നങ്ങൾ പരസ്പരവിരുദ്ധങ്ങളാണ്. ഒരു ജാതിക്ക്, ഒരു മതവിഭാഗത്തിനു നൽകുന്ന ആനുകൂല്യം മറ്റു ജാതികൾക്ക്, മതവിഭാഗങ്ങൾക്ക്, പ്രാതികൂല്യമായി അനുഭവപ്പെടും. ഒരു ജാതിയെയും മതത്തെയും കൂട്ടുപിടിക്കുമ്പോൾ മറ്റു ജാതിക്കാരും മതക്കാരും കൂട്ടുപിരിഞ്ഞേക്കും.

വർഗ–ജാതി–മത–വിഭാഗങ്ങളെ ഇണക്കിയും പിണക്കിയും, അവ തമ്മിൽ സന്തുലനം പുലർത്തിയും, ഭൂരിപക്ഷം വോട്ട് സമ്പാദിക്കേണ്ടതെങ്ങനെ എന്നതായി പിന്നെപ്പിന്നെ, ഇന്ത്യൻ ജനാധിപത്യത്തിൽ എല്ലാ പാർട്ടികളുടെയും പ്രശ്നം.

അനുചരർ അധികവും നിരക്ഷരരാണ്; ദരിദ്രരാണ്; ദുർബലരാണ്. അവർ എന്തും സഹിച്ചുകൊള്ളും. വർഗ–ജാതി–മതവിഭാഗങ്ങളിലെ മുഖ്യന്മാരും പ്രമാണിമാരും സമർത്ഥരും ഉൽക്കർഷേച്ഛുക്കളും പ്രബലരുമാണ്. പ്രലോഭിപ്പിക്കപ്പെടാൻ എന്നേ അവർ സന്നദ്ധരുമാണ്.

അവർക്കു ധാരാളം പ്രലോഭനങ്ങൾ നൽകപ്പെട്ടു. സംവരണം ഇത്തരമൊരു പ്രലോഭനമാണ്. നിയമസഭാംഗത്വം, മന്ത്രിപദവി, കോർപ്പറേഷനുകളിലും മറ്റും ചെയർമാൻസ്ഥാനം, ഉദ്യോഗം, കോൺട്രാക്ട്, കുത്തക—അങ്ങനെ പ്രലോഭനങ്ങൾ നീണ്ടുനീണ്ടുപോയി.

പണവും അധികാരവും പ്രശസ്തിയും നേടാൻ ഇന്ത്യൻ ജനാധിപത്യം തങ്ങൾക്കു നൽകുന്ന അവസരങ്ങളുടെ വൈപുല്യം വർഗ–ജാതി–മത പ്രമാണിമാർ അനുഭവിച്ചറിഞ്ഞു. കടുവ മനുഷ്യച്ചോര രുചിച്ചുനോക്കി. ഇനി കടുവയെ നിയന്ത്രിക്കുക പ്രയാസമാണ്.

ഓരോ പാർട്ടിയും വർഗ–ജാതി–മതസംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിൽ പരസ്പരം മത്സരിച്ചു. ഓരോ നിയോജകമണ്ഡലത്തിന്റെയും വർഗ–ജാതി–മതസംരചന സൂക്ഷ്മമായി പഠിച്ച് അവിടെ ഭൂരിപക്ഷം വോട്ടു നേടാൻ പറ്റിയ വർഗവും ജാതിയും മതവും ഒത്ത സ്ഥാനാർത്ഥികളെ തെരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളായി നിർത്തുകയാണ് ആദ്യത്തെ പരിപാടി. പിന്നെപ്പിന്നെ വർഗ–ജാതി–മത സംഘടനകളെ അങ്ങനെതന്നെ പാർട്ടിയിലേക്ക് എടുത്തുതുടങ്ങി. ഇതു സാധിക്കാത്തപ്പോൾ വർഗ–ജാതി–മതസംഘടനകളുമായി തെരഞ്ഞെടുപ്പു കൂട്ടുകെട്ടുണ്ടാക്കി.

തി. മു. ക., അ. തി. മു. ക. മുതലായ വർഗസംഘടനകളോടും എസ്. എൻ. ഡി. പി., എൻ. എസ്. എസ്. മുതലായവപോലുള്ള ജാതിസംഘടനകളോടും, മുസ്ലിംലീഗ് പോലുള്ള മതസംഘടനകളോടും ഇത്തരത്തിലുള്ള 'നീക്കുപോക്കു'കളിലും 'കൂട്ടുകെട്ടു'കളിലും ഉൾപ്പെടാത്ത ഒരൊറ്റ ദേശീയപാർട്ടിയും ഇന്ത്യയിലില്ല. കോൺഗ്രസ്സും അതിൽനിന്നുത്ഭവിച്ച പാർട്ടികളും കമ്യൂണിസ്റ്റ്പാർട്ടിയും അതിന്റെ ശാഖാ–പ്രശാഖകളും, ഇക്കാര്യത്തിൽ ഒരേ നിലവാരമാണു പുലർത്തിയത്.

ഈയിടെ ഈ സ്ഥിതിയിൽ മൗലികമായ വ്യത്യാസം കണ്ടുതുടങ്ങിയിരിക്കുന്നു. രാഷ്ട്രീയപ്പാർട്ടിക്കകത്തു സമ്മർദഗ്രൂപ്പുകളായി പ്രവർത്തിച്ചുവന്നിരുന്ന വർഗ–ജാതി–മതസംഘടനകൾ ആ മറ നീക്കി സ്വന്തം രൂപത്തിൽ രംഗത്തു വന്ന് ആടാൻ തുടങ്ങിയിരിക്കുന്നു.

വർഗ–ജാതി–മതസംഘടനകൾ രാഷ്ട്രീയപ്പാർട്ടികളായി മാറിക്കൊണ്ടിരിക്കുന്നു.

ഓരോ വർഗവും ഓരോ ജാതിയും ഓരോ മതവിഭാഗവും രാഷ്ട്രീയമായി വെവ്വേറെ സംഘടിക്കുന്നത് ഇന്നു നാം കാണുന്നു. സംഘടിച്ച ഈ വിഭാഗങ്ങൾ തെരഞ്ഞെടുപ്പുകാലത്തു വ്യത്യസ്ത കൂട്ടുമുന്നണികളുമായി വിലപേശുകയും, കൂടുതൽ വില നൽകാൻ തയ്യാറായ കൂട്ടുമുന്നണികൾക്കു തങ്ങൾ പ്രതിനിധാനംചെയ്യുന്ന വിഭാഗങ്ങളുടെ വോട്ടുകൾ മൊത്തമായി കൈമാറുകയുംചെയ്യും.

അതിനു നൽകേണ്ട വിലയോ? ഉദ്യോഗങ്ങളിൽ കൂടുതൽ ശതമാനം, കൂടുതൽപേർക്കു നിയമസഭാംഗത്വം, കൂടുതൽ മന്ത്രിസ്ഥാനം, കോർപ്പറേഷനുകളിൽ കൂടുതൽ പങ്കാളിത്തം, കൊള്ളയടിക്കുന്ന ദേശീയധനത്തിൽ കൂടുതൽ പങ്ക്.

ഇന്ത്യയിൽ ഒരു പാർട്ടിയും ഇന്നു വർഗവാദത്തെയോ, മതവാദത്തെയോ, ജാതിവാദത്തെയോ നിരുത്സാഹപ്പെടുത്തുന്നില്ല.

നായർസമ്മേളനത്തിൽ പതാക ഉയർത്താനും ബ്രാഹ്മണസമ്മേളനം ഉദ്ഘാടനംചെയ്യാനും പുലയസമ്മേളനത്തിൽ സമാപന പ്രസംഗം നടത്താനും ജമായത്തേ ഇസ്ലാമിസമ്മേളനത്തിൽ ആശംസാപ്രസംഗം ചെയ്യാനും മാർത്തോമ്മാ അസോസിയേഷന്റെ തറക്കല്ലിടാനും എല്ലാം നിങ്ങൾക്ക മന്ത്രിമാരെ കിട്ടും. മന്ത്രിമാർ വേണ്ടെങ്കിൽ പ്രതിപക്ഷനേതാക്കളെ.

'മതനിരപേക്ഷമായിരിക്കണമെന്നു ഭരണഘടന അനുശാസിച്ചിരിക്കുന്ന ഇന്ത്യൻ പാർലമെണ്ടറി ജനാധിപത്യം ഇന്നു വർഗ–ജാതി മത സംഘടനകളെ താലോലിച്ചു വളർത്തുകയും, വർഗ–ജാതി–മതസംഘടനകളുടെ ബലത്തിൽമാത്രം നിലനിൽക്കുകയും പുഷ്ടിപ്പെടുകയും ചെയ്യുന്നു.

അതേസമയം, മിക്ക പാർട്ടികളും ഹിന്ദുനവോത്ഥാന വാദത്തിനു് എതിരാണു് എന്നതു വിചിത്രമായ വസ്തുത ആകുന്നു.

നായർക്ക നായരായി സംഘടിക്കാം. ഈഴവനു് ഈഴവനായും; ബ്രാഹ്മണനു് ബ്രാഹ്മണനായും. അങ്ങനെ അവർ സംഘടിച്ചാൽ, അവരെ 'ഉൾക്കൊള്ളാൻ' ഏതു പാർട്ടിക്കും സന്തോഷമേ ഉള്ളു.

എന്നാൽ, നായരും ഈഴവനും ബ്രാഹ്മണരും ചേർന്ന് ഹിന്ദുവായി സംഘടിക്കുന്നതു് എല്ലാ പാർട്ടികൾക്കും അരോചകമാണു്. അതിനു കോൺഗ്രസ്സും അതിൽനിന്നുത്ഭവിച്ച പാർട്ടികളും, കമ്യൂണിസ്റ്റ്പാർട്ടിയും അതിൽനിന്നുത്ഭവിച്ച പാർട്ടികളും പ്രകടമായി എതിരുമാണു്. കാരണം, ഹിന്ദുക്കൾ സംഘടിക്കുമ്പോൾ അതു് ഭൂരിപക്ഷത്തിന്റെ വർഗീയവാദമായിത്തീരുന്നു.

ഹിന്ദുക്കൾ ഭൂരിപക്ഷമാണു്. പക്ഷേ, നായരും ഈഴവനും ബ്രാഹ്മണനും എല്ലാം ന്യൂനപക്ഷങ്ങളാണു്. മുസ്ലിങ്ങളും ക്രിസ്ത്യാനികളും സിക്കുകാരും ന്യൂനപക്ഷങ്ങളാണു്. സ്ത്രീകളും ന്യൂനപക്ഷംതന്നെ!

ന്യൂനപക്ഷങ്ങൾക്ക ന്യായമായ താല്പര്യങ്ങളുണ്ടു്. ഈ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടവയാണു്. അവ സംരക്ഷിക്കാൻ ന്യൂനപക്ഷങ്ങൾക്ക സംഘടിക്കാം. ഈ ന്യൂനപക്ഷ സംഘടനകളെ 'ദേശീയ'പാർട്ടികൾക്കു് ഉൾക്കൊള്ളുകയുംചെയ്യാം. ഉൾക്കൊള്ളാൻ പററാത്തവയുമായി സഹകരിക്കാം.

പക്ഷേ, ഭൂരിപക്ഷമാകയാൽ ഹിന്ദുക്കൾ ഹിന്ദുക്കളെന്നനിലയിൽ സംഘടിച്ചുകൂടാ. കാരണം ഭൂരിപക്ഷ വർഗീയവാദം നിഷിദ്ധമാണു്.

ഇന്ത്യൻ പാർലമെണ്ടറി ജനാധിപത്യം ഇന്നു് എത്തി നിൽക്കുന്നതു് ഇത്തരമൊരു വൈരുദ്ധ്യത്തിലാകുന്നു.

(21 മെയ്, 1983)

# 33. മതനവീകരണം, മതനിരപേക്ഷത

വ്യവസായവല്ക്കരണത്തിനു ഭൗതിക–ഊർജം ആവശ്യമാണല്ലോ, സൂര്യരശ്മി, മലമുകളിലെ വെള്ളം, മരം മുതലായ സമകാല പ്രഭവങ്ങളിൽ നിന്നു് ഒരളവുവരെ ഊർജം നേടാം. എന്നാൽ, കൂടുതൽ ഊർജവും നേടുന്നതു ഭൂതകാല പ്രഭവങ്ങളായ കൽക്കരി, എണ്ണ, യുറേനിയം മുതലായവയിൽനിന്നാണു്.